# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.01.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഇന്ത്യൻ എ.ഐ സ്റ്റാർട്ടപ്പ് പ്രതിനിധികളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ശനിയാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

3. വികസിത രാജ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ വികസിത കേരളം നിർണായക പങ്ക് വഹിക്കുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

4. സംസ്ഥാനത്ത് അതിദാരിദ്ര്യ മുക്തമായ ഒരു കുടുംബവും പഴയ അവസ്ഥയിലേക്ക് പോകില്ലെന്ന് ഉറപ്പാക്കാനാണ് അതിദാരിദ്ര്യ മുക്ത പദ്ധതിയുടെ രണ്ടാം ഘട്ടമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5. എസ് ഐ ആറിൻറെ ഭാഗമായി, വിഐപി- പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിംഗിന് ഹാജരാകാതെ വെരിഫിക്കേഷൻ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

RNU TVPM

6. സംസ്ഥാനത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾക്കും പഞ്ചായത്തുകൾക്കുമുള്ള സമഗ്ര പ്രവർത്തന മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

*****************

## പിഎം-സ്റ്റാർട്ട് അപ്പ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഇന്ത്യൻ എഐ സ്റ്റാർട്ടപ്പ് പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. അടുത്ത മാസം ഇന്ത്യയിൽ നടക്കാനിരിക്കുന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി 2026 ന് മുന്നോടിയായി, AI for ALL: Global Impact Challenge ന് യോഗ്യത നേടിയ പന്ത്രണ്ട് ഇന്ത്യൻ എഐ സ്റ്റാർട്ടപ്പുകൾ യോഗത്തിൽ പങ്കെടുത്തു. സമൂഹത്തിൽ പരിവർത്തനം കൊണ്ടുവരുന്നതിൽ കൃത്രിമബുദ്ധിയുടെ പ്രാധാന്യം യോഗത്തിൽ പ്രധാനമന്ത്രി എടുത്തുപറഞ്ഞു. മെയ്ഡ് ഇൻ ഇന്ത്യ, മെയ്ഡ് ഫോർ ദി വേൾഡ് എന്ന ആശയത്തെ പ്രതിഫലിപ്പിക്കുന്ന ഒരു സവിശേഷമായ AI മോഡൽ ഇന്ത്യ ലോകത്തിന് മുന്നിൽ അവതരിപ്പിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ് എന്നിവരും യോഗത്തിൽ പങ്കെടുത്തു.

RNU TVPM

*****************

## അമിത്ഷാ

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ശനിയാഴ്ച രാത്രി കേരളത്തിലെത്തും. ഞായറാഴ്ച തിരുവനന്തപുരത്ത് ബിജെപി യോഗങ്ങളിലും കേരള കൗമുദി സംഘടിപ്പിക്കുന്ന കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

*****************

## ഗവർണർ (INTRO)

വികസിത രാജ്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ വികസിത കേരളം നിർണായക പങ്ക് വഹിക്കുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കണ്ണൂരിൽ നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഏർപ്പെടുത്തിയ ചേംബർ

അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. 2047 ഓടെ വികസിത രാഷ്ട്രമാകാനുള്ള പ്രവർത്തനങ്ങൾക്ക് വ്യവസായ സംരംഭകർക്ക് കൂടുതൽ സംഭാവനകൾ ചെയ്യാനാകുമെന്നും ഗവർണർ പറഞ്ഞു.
(വോയിസ്)

*****************

## രത്തൻ യു കേൽക്കർ

എസ് ഐ ആറിൻറെ ഭാഗമായി, വിഐപി- പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിംഗിന് ഹാജരാകാതെ രേഖകൾ സമർപ്പിച്ച് വെരിഫിക്കേഷൻ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഹിയറിംഗിന് നോട്ടീസ് ലഭിക്കുന്ന മുറയ്ക്ക് ഹാജരാകേണ്ട തിയ്യതികളിൽ അതാത് രേഖകൾ സമർപ്പിച്ചാൽ, പരിശോധന പൂർത്തിയാക്കി ഇലക്ടറൽ റോളിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ERONET ൽ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

*****************

## സുപ്രീംകോടതി-എസ്ഐആർ

ബീഹാർ ഉൾപ്പടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ വോട്ടർ പട്ടിക തീവ്ര പരിഷ്കരണം നടപ്പാക്കുന്നത് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിൽ അന്തിമ വാദം കേൾക്കുന്നത് സുപ്രീം കോടതി ചൊവ്വാഴ്ചത്തേക്ക് മാറ്റി. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. വിദേശികൾ ഉൾപ്പടെ അനർഹർ വോട്ടർപട്ടികയിൽ ഇല്ലെന്ന് ഉറപ്പാക്കേണ്ടത് ഭരണഘടനാപരമായ കടമയാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ സുപ്രീം കോടതിയിൽ വ്യക്തമാക്കിയിരുന്നു .

*****************

## തീവ്ര വോട്ടർ പത്രിക

സംസ്ഥാനത്ത് SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം.

voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

*****************

## വികസിത് ഭാരത് യംഗ് ലീഡേഴ്സ്

വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ്-2026 ന് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഇന്ത്യയുടെ ഭാവി സുരക്ഷിതവും സമൃദ്ധവുമാക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************

## മുഖ്യമന്ത്രി ( ഇൻട്രോ )

സംസ്ഥാനത്തെ അതിദാരിദ്ര്യ നിർമാർജനം തുടർപ്രക്രിയയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിദാരിദ്ര്യ മുക്തമായ ഒരു കുടുംബവും പഴയ അവസ്ഥയിലേക്ക് പോകില്ലെന്ന് ഉറപ്പാക്കാനാണ് രണ്ടാം ഘട്ടമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പുതുതായി ചുമതലയേറ്റ ജനപ്രതിനിധികളുമായി സംവദിച്ചപ്പോൾ പദ്ധതിയുടെ സുസ്ഥിര പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതിന്റെ പ്രാധാന്യം ഓർമിപ്പിച്ചതായും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

(വോയിസ്....)

വെനസ്വേലയിലെ യു.എസ് അധിനിവേശത്തെ വിമർശിച്ച മുഖ്യമന്ത്രി, ഇത് പ്രതിരോധിച്ചില്ലെങ്കിൽ ലോകത്തെവിടെയും സംഭവിക്കാമെന്നും പറഞ്ഞു.

*****************

## മാധവ് ഗാഡ്കിൽ

പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പൂനെയിൽ അന്തരിച്ചു. 83 വയസായിരുന്നു. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതിയുടെ അധ്യക്ഷനായിരുന്നു അദ്ദേഹം. 2011ലാണ് പശ്ചിമഘട്ടത്തിലെ പരിസ്ഥിതിയെ കുറിച്ചുള്ള ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. പരിസ്ഥിതി മേഖലയിലെ

പ്രവർത്തനങ്ങൾക്ക് യുഎൻ നൽകുന്ന പരമോന്നത ബഹുമതിയായ 'ചാംപ്യൻസ് ഓഫ് ദി എർത്ത്' പുരസ്കാരം 2024ൽ ഗാഡ്ഗിലിനെ തേടിയെത്തി. പത്മശ്രീ, പത്മഭൂഷൺ ബഹുമതികൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. പശ്ചിമഘട്ട വിസ്തൃതിയുടെ മുക്കാൽ ഭാഗവും പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കണമെന്ന റിപ്പോർട്ട് കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വഴി തെളിച്ചു.

*****************

## മാധവ് ഗാഡ്കിൽ അനുശോചനം

മാധവ് ഗാഡ്ഗിലിൻറെ നിര്യാണത്തിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എ കെ ശശീന്ദ്രൻ, വയനാട് എംപി പ്രിയങ്കാ ഗാന്ധി, അഹമ്മദ് ദേവർകേവിൽ എംഎൽഎ ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി. പശ്ചിമഘട്ട സംരക്ഷണത്തിന് ഏറെ പ്രാധാന്യം നൽകിയ ഗാഡ്ഗിൽ കേരളത്തിലെ പ്രകൃതി സംരക്ഷണത്തിനും സന്തുലിതമായ ഒരു ആവാസവ്യവസ്ഥ രൂപകല്പന ചെയ്യുന്നതിലും ഏറെ ഊന്നൽ നല്കിയിരുന്നുവെന്ന് ഗവർണർ അനുസ്മരിച്ചു.

RNU TVPM

*****************

## തദ്ദേശ തിരഞ്ഞെടുപ്പ്

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ വാർഡുകളിൽ ഈ മാസം 12 ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കും. മലപ്പുറം പായിംപാടം, എറണാകുളം ഓണക്കൂർ, തിരുവനന്തപുരം വിഴിഞ്ഞം എന്നീ വാർഡുകളിലാണ് വോട്ടെടുപ്പ് നടക്കുന്നത്. വിഴിഞ്ഞം വാർഡിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രദേശത്ത് തിരുവനന്തപുരം ജില്ലാ കളക്ടർ സമ്പൂർണ മദ്യ നിരോധനം ഏർപ്പെടുത്തി. 12നും വോട്ടെണ്ണൽ ദിനമായ 13നുമാണ് മദ്യനിരോധനം ഏർപ്പെടുത്തിയത്.

*****************

## ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ

സംസ്ഥാനത്ത് ആന്റിബയോട്ടിക്കിൻറെ അമിത ഉപയോഗം നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുള്ള ആന്റിബയോട്ടിക് സ്മാർട്ട്

ആശുപത്രികൾക്കും പഞ്ചായത്തുകൾക്കുമുള്ള സമഗ്ര പ്രവർത്തന മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായുള്ള മാർഗരേഖ നേരത്തെ പുറത്തിറക്കിയിയിരുന്നു. ആന്റിബയോട്ടിക് മൈക്രോബിയൽ പ്രതിരോധത്തിന്റെ ഭാഗമായി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ആശുപത്രികളേയും കളർ കോഡ് ചെയ്യുന്നതിനുള്ള ഉത്തരവും പുറത്തിറക്കി.

*****************

<u>മകരവിളക്ക്-ഇടുക്കി (ഇൻട്രോ)</u>

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഇടുക്കി ജില്ലയിലെ ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ. സുരക്ഷയും സൗകര്യങ്ങളും വിലയിരുത്തുന്നതിനായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. ഭക്തർക്ക് സുഗമമായ ദർശനം ഉറപ്പാക്കാൻ വിപുലമായ ക്രമീകരണങ്ങളാണ് ജില്ലയിൽ ഏർപ്പെടുത്തിയിരിക്കുന്നത്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

*****************

<u>മകരവിളക്ക് **KSRTC**</u>

ശബരിമല മകരവിളക്കിന് ആയിരം ബസുകൾ സർവീസ് നടത്തുമെന്ന് കെ എസ് ആർ ടി സി. നിലവിൽ പ്രത്യേക സർവ്വീസ് നടത്തുന്ന 199 ബസ്സുകൾക്ക് പുറമെ 801 ബസ്സുകൾ കൂടി അനുവദിച്ച് ഉത്തരവായി. ബസ്സുകളുടെ പ്രവർത്തന ക്ഷമത കൃത്യമായി ഉറപ്പുവരുത്തണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

*****************

<u>അന്താരാഷ്ട്ര പുസ്തകോത്സവം</u>

ആവേശകരമായ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം ദിനം. എഴുത്തുകാരും വിദ്യാർത്ഥികളും പൊതു ജനങ്ങളും ഉൾപ്പെടെ നിരവധിപേരാണ് മേള കാണാൻ
എത്തുന്നത്. പുസ്തകോത്സവത്തിന്റെ ഭാഗമായി ഗവൺമെൻറ്

RNU TVPM

സെക്രട്ടറിയേറ്റിലെ പഴയ നിയമസഭാ ഹാളിൽ സംഘടിപ്പിച്ച മാതൃകാ നിയമസഭ മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു.

*****************

**അനൗൺസ്മെൻറ്**

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

*****************

*******

***

RNU TVPM